08.02.22

14/02/2022

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
# തിരുവനന്തപുരം 695 001


ഫോൺ: 0471 2335199, ഫാക്സ്: 0471 2330920

E-mail: sic.ker@nic.in


ഹർജി നമ്പർ **AP. 43*(7)/2015*/***എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

(ഫയൽ നമ്പർ **241**/*എസ്.ഐ.സി–ജി 6/2015*)

സന്നിഹിതൻ

**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീ. എം.എസ്.വിജയൻ,<br>അരുണിമ,<br>നാരങ്ങപറ്റ,<br>മണ്ണാർക്കാട് – 678 582. | അപ്പീൽ ഹർജിക്കാരൻ |

**Vs**

| | |
|---|---|
| 1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ&<br>(ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ<br>പേഴ്സണൽ അസിസ്റ്റന്റ്), ജില്ലാ വിദ്യാഭ്യാസ ഓഫീസ്,<br>മണ്ണാർക്കാട്.<br><br>2. അപ്പീൽ അധികാരി&<br>ജില്ലാ വിദ്യാഭ്യാസ ഓഫീസർ,<br>ജില്ലാ വിദ്യാഭ്യാസ ഓഫീസ്,<br>മണ്ണാർക്കാട്. | എതിർകക്ഷികൾ |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 12.10.2014 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 31.10.2014 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 15.11.2014 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 04.12.2014 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 29.12.2014 |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 06.01.2015 |
| ഹിയറിംഗ് നടന്ന തീയതി | 01.02.2022, ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം:അപ്പീൽ ഹർജിക്കാരൻ | ഹാജരായിരുന്നു |
| എസ്.പി.ഐ.ഒ. | ഹാജരായിരുന്നു |

# ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരനായ ശ്രീ. എം.എസ്.വിജയൻ, 29.12.2014ന് സമർപ്പിച്ച അപ്പീൽ ഹർജി 06.01.2015ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP.No.43(7)/15/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്കും തുടർന്ന് സമർപ്പിച്ച ഒന്നാം അപ്പീലിനും ഒന്നും രണ്ടും എതിർകക്ഷികൾ തൃപ്തികരമായ വിവരങ്ങൾ നൽകിയില്ലെന്നാണ്.

3. അപ്പീൽ ഹർജിക്കാരൻ 12.10.2014ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് 31.10.2014ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, 2014-15 വർഷത്തെ തസ്തിക നിർണ്ണയം നടത്തിയത് സർക്കാർ ഉത്തരവ് ജി.ഒ(പി)നമ്പർ 124/2014/G.Edn 4.7.2014 തീയതി പ്രകാരമാണെന്നും അപേക്ഷയിൽ പരാമർശിച്ച ബി1/6680/2005, ബി1/6049/2010 എന്നീ ഫയലുകൾ പരിശോധിക്കാവുന്നതാണെന്നും ആയതിന് 07.11.2014ന് 11 മണിക്ക് ഹാജരാകണമെന്നുമാണ് അറിയിച്ചത്. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 04.12.2014ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത് ഹർജിക്കാരന്റെ അപ്പീലിന്മേൽ നടപടി കൈക്കൊള്ളുന്നതിനായി 11.12.2014ന് രാവിലെ 11 മണിക്ക് നേരിട്ട് ഹാജരാകണമെന്നാണ്.

4. രണ്ടാം എതിർകക്ഷി 10.02.2015ന് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, 12.10.2014ന് ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം അപേക്ഷ സമർപ്പിക്കുകയും ആയതിലെ 1-ാം ഇനത്തിൽ 2014-15 വർഷത്തെ തസ്തിക നിർണ്ണയം നടത്തിയത് സർക്കാർ ഉത്തരവ് ജി.ഒ.(പി) നമ്പർ124/2014/ജി.എഡ്യുക്കേഷൻ തീയതി 04.07.2014 പ്രകാരമാണെന്നും ഹർജിക്കാരന് ആവശ്യമുള്ള രേഖകൾ പരിശോധിക്കാനും പകർപ്പുകൾ ലഭ്യമാക്കുന്നതിനായും 02.11.2014ന് 11 മണിക്ക്

അവസരം നൽകിക്കൊണ്ട് 05.11.2014ന് രജിസ്റ്റേർഡ് തപാലിൽ ബി2/3840/14 താ.തീ തീയതി 31.10.2014 നമ്പറായി മറുപടി നൽകുകയും ചെയ്തിരുന്നു വെന്നും ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നുവെന്നുമാണ്. എന്നാൽ പ്രസ്തുത കത്ത് 07.11.2014നാണ് ഹർജിക്കാരന് ലഭിച്ചതെന്നും തുടർന്ന് ടിയാൻ 15.11.2014ന് വിവരാവകാശ നിയമം 19(1) പ്രകാരം അപ്പീൽ സമർപ്പി ക്കുകയും ആയതിന് മറുപടിയായി ഹർജിക്കാരനോട് ആവശ്യമായ രേഖ കൾ പരിശോധനയ്ക്ക് നൽകുന്നതിലേയ്ക്കായി 11.12.2014ന് രാവിലെ 11 മണിയ്ക്ക് ഹാജരാകാൻ ആവശ്യപ്പെട്ടുകൊണ്ട് 04.12.2014ന് കത്തയച്ചിരുന്നു വെന്നും ടി കത്ത് 10.12.2014ന് ടിയാൻ കൈപ്പറ്റിയതായി അക്നോള ഡ്ജ്മെന്റിൽ കാണുന്നുവെന്നും പ്രസ്തുത കത്തിന്റെ പകർപ്പും ഉള്ളടക്കം ചെയ്യുന്നുവെന്നാണ്. കൂടാതെ ഹർജിക്കാരൻ ആവശ്യമുള്ള രേഖകൾ എന്താണെന്ന് വ്യക്തമാക്കാത്തതിനാലാണ് ടിയാനെ നേരിട്ട് ഹാജരാകാൻ നിർദ്ദേശിച്ചതെന്നും ടിയാൻ സൂചിപ്പിച്ച ഡബ്ളിയു.പി(സി)6225/07ന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 01.03.2007ലെ ഇടക്കാല ഉത്തരവിനെ അംഗീകരി ക്കാതെയല്ല പ്രസ്തുത റിട്ട്പെറ്റീഷനിലെ പരാതിക്കാരിയെ ടീച്ചേഴ്സ് ബാങ്കിൽ ഉൾപ്പെടുത്താൻ നിർദ്ദേശിച്ച് തസ്തിക നിർണ്ണയം സർക്കാർ ഉത്ത രവ് ജി.ഒ.(പി)നമ്പർ 124/2014/ജി.എഡ്യൂക്കേഷൻ തീയതി 04.07.2014 പ്രകാരമാണ് ചെയ്തതെന്നും ഹർജിക്കാരന് ആവശ്യമുള്ള രേഖകൾ പരി ശോധിക്കാനും ആവശ്യമായ രേഖകളുടെ പകർപ്പുകൾ ലഭ്യമാക്കുവാനും തയ്യാറാണെന്നും അറിയിച്ചിട്ടുണ്ട്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരു കക്ഷികളേയും കേട്ടതിലും ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ടിയാന്റെ ഒന്നാമത്തെ ചോദ്യത്തിന് തെറ്റായ മറുപടിയാണ് നൽകിയതെന്നാണ് ടിയാന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം. മൊഴിയും അനുബന്ധ രേഖകളും പരിശോധിച്ചതിൽ, അപേക്ഷകൻ സൂചിപ്പിച്ച WP(C)6225/2007 ന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 01.03.2007ലെ ഇടക്കാല ഉത്തരവിനെ അംഗീകരിക്കാതെയല്ല പ്രസ്തുത റിട്ട് പെറ്റീഷനിലെ പരാതിക്കാരിയെ ടീച്ചേഴ്സ് ബാങ്കിൽ ഉൾപ്പെടുത്താൻ നിർദ്ദേശിച്ച് തസ്തിക നിർണ്ണയിച്ച്

ഉത്തരവ് നൽകിയതെന്നും 2014-2015 വർഷത്തിലെ തസ്തിക നിർണ്ണയം സർക്കാർ ഉത്തരവ് ജി.ഒ(പി)നമ്പർ 124/2014/G.Edn 4.7.2014 തീയതി പ്രകാരമാണ് ചെയ്തത് എന്നുമുള്ള രണ്ടാം എതിർകക്ഷിയുടെ വാദം കമ്മീഷൻ അംഗീകരിക്കുന്നു.

6. ഇപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ഫെബ്രുവരി 08-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

Ge/